



# ഉണർവ്വ്-2019

## ജി.വി.എച്ച്.എസ്.എസ്. കടമക്കുടി

**Prepared by Little Kites unit GVHSS Kadamakudy**

## സന്ദേശം

കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ പരിപോഷിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ തയ്യാറാക്കപ്പെടുന്ന ഈ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും അവരെ സഹായിച്ച അധ്യാപകർക്കും അഭിനന്ദനങ്ങൾ.

കുട്ടികളുടെ കഴിവും കലാവാസനയും തൂലികയിലൂടെ ഈ മാഗസിനിൽ പ്രകടമായിരിക്കുന്നു. വിദ്യാലയ ജീവിതത്തിന്റെ നിറമണിഞ്ഞ ദിനങ്ങളെ വരകളിലൂടെയും വരികളിലൂടെയും മുദ്രിതമാക്കിയ നിങ്ങൾക്ക് ആശംസകൾ നേർന്നുകൊണ്ട്....

ഷർമിള ടോമി
ഹെഡ്മിസ്ട്രസ്

## എഡിറ്റോറിയൽ

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ പുത്തൻ ഉണർവ്വിന്റെ നാളുകളിലാണ്. കടമക്കുടി ഗ്രാമത്തിലെ പ്രകാശ ഗോപുരമായ നമ്മുടെ സ്ക്കൂളും അക്കാദമിക, അക്കാദമികേതര രംഗങ്ങളിൽ മികവിന്റെ പാതയിൽ സഞ്ചരിക്കുകയാണ്. കുട്ടികളുടെ ബഹുമുഖ കഴിവുകൾ വികസിപ്പിച്ച് നാടിനും രാജ്യത്തിനും പ്രതീക്ഷയുടെ വെളിച്ചം പകരാൻ ഉള്ള ശ്രമമാണ് ഉണർവ്വ് എന്ന ലിറ്റിൽ മാഗസിൻ നടത്തുന്നത്. യൂറോപ്പിൽ 14-ാം നൂറ്റാണ്ടിലും ഇന്ത്യയിൽ 19-ാം നൂറ്റാണ്ടിലും തുടർന്ന് കേരളത്തിലും മത-സാമൂഹിക- സാഹിത്യ - സാംസ്കാരിക രംഗങ്ങളിലെ നവോത്ഥാനമാണല്ലോ ആധുനിക ലോകം സൃഷ്ടിച്ചത്. നമ്മുടെ സമൂഹത്തിൽ പുത്തൻ ഉണർവ്വ് പകരാൻ ഈ കുട്ടി മാഗസിന് കഴിയും എന്ന് വിശ്വസിക്കുകയാണ്.



# ആധുനിക കാലത്തെ പാരന്റിംഗ്

സാങ്കേതികവിദ്യ കുതിക്കുന്നതിനോടൊപ്പം ആർക്കും ഒന്നിനും സമയമില്ലായ്മയും ജീവിതത്തിൽ അതു സൃഷ്ടിക്കുന്ന പ്രശ്നങ്ങളും അനുദിനം വർദ്ധിക്കുകയാണ്. മാതാപിതാക്കളുടെ തിരക്കുകളും, മാധ്യമ സ്വാധീനവും ഏറ്റവും കൂടുതൽ ബാധിക്കുന്നത് കൗമാരക്കാരേയും ബാലികാ ബാലൻമാരേയും ആണ്.

കുട്ടികൾ നിഷ്കളങ്കരായാണ് ജനിക്കുന്നത്. എന്നാൽ സാഹചര്യങ്ങളാണ് ഏറ്റവും കൂടുതൽ അവരെ സ്വാധീനിക്കുന്നത്. സാഹചര്യങ്ങളെ അതിജീവിച്ച് വളരാനുള്ള അവസരമാണ് മാതാപിതാക്കളും മുതിർന്നവരും ഒരുക്കി കൊടുക്കേണ്ടത്.

പലപ്പോഴും മാതാപിതാക്കളുടെ ഇടയിലുള്ള സ്നേഹമില്ലായ്മയും കലഹങ്ങൾക്കുമിടയിൽ കുട്ടികളിൽ നല്ല സ്നേഹത്തിന്റെ മാതൃക ലഭിക്കാതെ പോവുകയാണ്. കുട്ടികളോടും കുടുംബത്തോടും കൂടെ കുറച്ചെങ്കിലും സമയം ദിവസവും വിനിയോഗിക്കേണ്ടത് അത്യാവശ്യമാണ്. മാതാപിതാക്കൾ ഒരു നല്ല കേൾവിക്കാരനും, കേൾവിക്കാരിയും, കൂട്ടുകാരനും കൂട്ടുകാരിയും ആവാൻ ശ്രമിക്കുകയും വേണം.

തങ്ങളുടെ കുട്ടി ഒരു വ്യക്തിയാണെന്നും അവന് ഒരു വ്യക്തിത്വം ഉണ്ടെന്നും ഓർമ്മിച്ച് അവരെ ഉൾക്കൊള്ളാനും, അംഗീകരിക്കാനുമുള്ള മനസ്സ് മാതാപിതാക്കൾ കാണിക്കേണ്ടതാണ്. ഓരോ കുട്ടിയും വ്യത്യസ്തരാണ് എന്ന ചിന്ത ഉണ്ടാകേണ്ടതും, താരതമ്യം ചെയ്ത് അവന്റെ ഉള്ള കഴിവുകൾ തല്ലി കെടുത്തുന്ന അവസ്ഥ ഒഴിവാക്കി പോകേണ്ടതും അനിവാര്യമായ കാര്യം തന്നെ.

കുട്ടികളോട് ചെയ്യരുത് എന്ന് നിർബന്ധം പറയുന്ന കാര്യങ്ങൾ ചെയ്യാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. സ്വന്തം കുട്ടികൾക്ക് മാതൃകയാകാൻ മാതാപിതാക്കൾ സ്വയം തയ്യാറാകണം. കാരണം മറ്റുള്ളവരിൽ ഉണ്ടാകാൻ ആഗ്രഹിക്കുന്ന മാറ്റം നമ്മളിൽ നിന്നാണല്ലോ തുടങ്ങേണ്ടത്.

പലപ്പോഴും ജീവിതത്തിന്റെ പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാൻ കുട്ടികൾക്ക് അവസരം നൽകാതെയാണ് മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ വളർത്തുന്നത്. കുട്ടികൾക്ക് മാതാപിതാക്കൾ ഒരുക്കി കൊടുക്കുന്ന ഓരോ സൗകര്യവും ഒത്തിരി കഷ്ടപ്പാടിന്റെയും സഹനങ്ങളുടെയും ഫലമാണെന്ന് കുട്ടികൾ അറിഞ്ഞിരിക്കേണ്ടതാണ്. ഇല്ലായ്മ എന്തെന്നറിയാൻ നമ്മുടെ കുട്ടികൾക്ക് അവസരം നൽകണം.

നിയന്ത്രണമില്ലാതെയുള്ള സ്നേഹത്തിന്റെ വിരലുകൾ മക്കളുടെ ഹൃദയത്തിൽ സ്പർശിക്കട്ടെ. വീഴാൻ പോകുന്ന നേരത്ത് ഒരു കൈത്താങ്ങാകാൻ മാതാപിതാക്കൾക്ക് ആവുകയും ചെയ്യട്ടെ. നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് തികഞ്ഞ മാനവിക മൂല്യത്തിന് അനുസൃതമായി ഉത്തമ പൗരൻ ആകാനുള്ള പരിശീലനം സ്നേഹത്തിലധിഷ്ഠിതമായി നൽകാൻ മാതാപിതാക്കൾക്കാവട്ടെ.

വിമൽ വിൻസെന്റ് വി.
അദ്ധ്യാപകൻ

കഥ

# മാതൃസ്നേഹം - അമ്മയേയും കാത്ത്

**- സനൂജ ഒ.ആർ (Std - X)**

ഒരു വലിയ നഗരത്തിലാണ് നമ്മുടെ നായകൻ താമസിക്കുന്നത്. നായകന്റെ പേര് അശോക് എന്നാണ്. അവൻ ഇപ്പോൾ പ്ലസ് 2 വിനാണ് പഠിക്കുന്നത്. പണ്ട് മുതൽ അവൻ നന്നായി പഠിക്കുന്ന കുട്ടി ആയിരുന്നു. അവന്റെ ജീവിതം ഇരുട്ടിലാഴ്ത്തിയതായിരുന്നു. അശോക് ദൈവമായി കരുതിയിരുന്നത് അവന്റെ അമ്മയെ ആയിരുന്നു. അച്ഛനും അമ്മയും അശോകനും അനുജത്തിയും അടങ്ങിയതായിരുന്നു അവന്റെ കുടുംബം. എപ്പോഴും അവന്റെ അച്ഛൻ മദ്യപിച്ച് വന്ന് വീട്ടിൽ ശബ്ദമുണ്ടാക്കിയിരുന്നു. അതുകൊണ്ട് അയൽവാസികളെല്ലാം വളരെ പുച്ഛത്തോടെയാണ് അവരെ നോക്കിയിരുന്നത്. ആഡംബര ജീവിതം നയിച്ചവരുടെ നടുവിൽ ഒരു ദരിദ്രനായി ജീവിച്ചത് ഇവരുടെ കുടുംബമായിരുന്നു. അമ്മയാണ് അവനെ പഠിപ്പിച്ച് ഇത്രയും വളർത്തിയത്. അമ്മയെ നോവിക്കുക പോലും അശോക് ചെയ്തിരുന്നില്ല. പക്ഷെ അവന്റെ അച്ഛൻ മദ്യപിച്ചും ലഹരി വസ്തുക്കൾ ഉപയോഗിച്ചും മനോനില തെറ്റിയ ആളായിരുന്നു. സ്വന്തം മകളെ അശോകിന്റെ അച്ഛൻ വളരെ ദുഷ്ചിന്തയോടെ ആണ് നോക്കിയിരുന്നത്. പലതവണ അവന്റെ അച്ഛൻ അവളെ കയറി പിടിക്കുകയും ഉപദ്രവിക്കുകയും ചെയ്യാൻവരെ ശ്രമിക്കുമാ രുന്നു. അമ്മ വീട്ടുജോലിക്കുപോകുന്നത് കൊ മക്കളെ നോക്കാൻ അധികം സമയം കിട്ടിയിരുന്നി കാരണം അയാൾ ആ അമ്മയെ ക്രൂരമായി ഉപദ്ര ക്കുമായിരുന്നു. എന്നാലും അമ്മ എല്ലാം സഹ് ഇരിക്കുമായിരുന്നു.

ഒരു ദിവസം അശോകിന്റെ അനുജത്തി അമ്മയേ പറഞ്ഞു. അമ്മേ എനിക്ക് അച്ഛനെ പേടിയാ അമ്മ മാറോട് ചേർത്ത് പിടിച്ച് പറഞ്ഞു "അച്ഛ എന്തിനാണ് മകൾ പേടിക്കുന്നത്, നീ ഒരിക്കല പേടിക്കണ്ട. അമ്മയില്ലേ" അശോകിന്റെ കൂട്ടുക നീളമുള്ള ഒരു സാധനം വെള്ളനിറം, കൊടുര അവന്റെ കൈയിൽ കൊടുത്ത് വലിച്ചോ വലിച്ചോടാ എന്ന് പറഞ്ഞു. അവൻ വേണ്ടാ എ പല പ്രാവശ്യം പറഞ്ഞു. അത് വലിച്ചു മായാലോ ത്തേക്ക് അവൻ കടന്നു. അവന്റെ ലോകം പു നിറഞ്ഞതായി. ഒരുദിവസം വീടിന്റെ പുറകുവ ഒരാൾ പുകവലിക്കുന്നു. അവന്റെ അമ്മ പേടി. കൈവിറച്ചു. അത് കണ്ടപ്പോൾ അമ്മയ്ക്ക് സഹിക നായില്ല. അടുത്ത ദിവസം അശോകിന്റെ ടീച്ച പോയി അമ്മ കണ്ടു. ടീച്ചർ പറഞ്ഞു; അവ സ്കൂളിൽ വരാറില്ലെന്ന് എന്ത് പറ്റി അവന്.

പിന്നീട് അമ്മ അശോകിനെ വിളിച്ച് ആ മായ ലോകത്ത് നിന്ന് അവനെ രക്ഷപ്പെടുത്തി. എന്ത് വന്നാലും ഇത് നീ അമ്മയോട് ചെയ്യരുത്, നീയാണ് അനുജത്തിയെ നോക്കേണ്ടത്. അധികം ഇതിലേക്ക് വീഴാതിരുന്നവൻ ആ പുക പടലത്തിൽ നിന്നും രക്ഷപ്പെട്ടു. അമ്മ അവന്റെ ജീവിതം മാറ്റി മറിച്ചു. അമ്മ ഒരുദിവസം അച്ഛൻ മകളെ കയറിപിടിക്കുന്നത് കണ്ടു. അമ്മ ഓടിച്ചെന്ന് അച്ഛന്റെ അടുക്കൽ നിന്ന് അവളെ അടർത്തി മാറ്റി. അമ്മയുടെ മനോനില തെറ്റി മേശപ്പുറത്ത് കൂർത്ത് മൂർച്ചയുള്ള കത്തി. പിന്നെ എന്തെന്നറിയില്ല അവൻ കണ്ടു അച്ഛന്റെ വയറ്റിൽ ചോര വാർന്ന് ഒഴുകുന്നു. അമ്മ അവളെ മാറോട് ചേർത്ത് കരഞ്ഞു അവനും. ആളുകൾ തടിച്ചു കൂടുന്നു മൊത്തം ശബ്ദം കാക്കിയിട്ട കഴുകൻമാർ അമ്മയെ തല്ലുന്നു. അമ്മ ഒരു തെറ്റും ചെയ്തിട്ടില്ല എന്ന് പറഞ്ഞ് അശോക് കരഞ്ഞു. ഒരു വണ്ടിയിലേക്ക് അമ്മയെ പോലീസുകാർ കയറ്റുന്നു. അത് ജീപ്പായിരുന്നു, അമ്മയെ ജയിലിലേക്കാണ് കൊണ്ടുപോകുന്നത് അവൻ അറിഞ്ഞു. അമ്മ തന്റെ മക്കളെ മുറുക്കെ പിടിച്ച് പറഞ്ഞു "അമ്മ വരുന്നതും കാത്ത് നിങ്ങൾ നിൽക്കണം. എന്റെ സ്നേഹം തന്ന് തീർന്നിട്ടില്ല. അമ്മ ജയിലിലേക്ക് പോയി. അമ്മ ചെവിയിൽ പറഞ്ഞതുപോലെ അനുജത്തിയെ പൊന്നുപോലെ നോക്കണം. അത് അവൻ ചെയ്യും എന്ന ചങ്കുറപ്പോടെ. പിന്നെ അവരുടെ മനസ്സിൽ അമ്മയുടെ സ്നേഹം കിട്ടാൻ വേണ്ടി അവർ ജീവിക്കുകയാണ്. അമ്മയേയും കാത്ത്.... ഒരിറ്റു സ്നേഹത്തിനായി. മാതൃസ്നേഹ ത്തിനായി...

## ആശംസ

കേരളത്തിലെ രാഷ്ട്രീയ സാമൂഹിക, സാംസ്ക്കാരിക രംഗങ്ങളിൽ കഴിവു തെളിയിച്ചവർ എല്ലാവരും തന്നെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണഫലമാണ്. കേരളത്തിൽ പൊതുവിദ്യാഭ്യാസം ഇന്ന് ഉണർവ്വിന്റെ പാതയിലാണ് ഒപ്പം നമ്മുടെ സ്കൂളും. നമ്മുടെ കുട്ടികളുടെ സർഗ്ഗാത്മകത വർദ്ധിപ്പിക്കാൻ തയ്യാറാക്കുന്ന ഈ മാഗസിന് പിന്നിൽപ്രവർത്തിച്ച ഏവർക്കും നന്മകൾ നേരുന്നു.

ലേഖനം

ഡിജി ജോജി Std IX

## പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തി

മാനവരാശിയുടെ സമഗ്ര വികസനം വിദ്യാഭ്യാസത്തിലൂടെ മാത്രമേ നേടിയെടുക്കാനാവൂ. നിയന്ത്രിതമായ സാമൂഹ്യ സാഹചര്യങ്ങളിൽ സ്വന്തം ജീവിതം സൃഷ്ടിക്കുന്നതിനുള്ള കായികവും മാനസികവുമായ കഴിവുകളും സാമൂഹിക അവബോധവും നൽകുന്ന പൗരബോധത്തിന്റെ വളർച്ചയും വികാസവുമാണ് വിദ്യാഭ്യാസം. ജ്ഞാന സമ്പാദനവും ജ്ഞാന വിതരണവും ആണ് അതിന്റെ കാതലായ വിഷയം .

ആത്യന്തികമായി മാനവരാശിയുടെ മോചനമാണ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യം. കുട്ടികളിലും മുതിർന്നവരിലുമുള്ള ഉത്തമ ആവിഷ്കാരം എന്ന ഗാന്ധിജിയുടെ ആശയവും, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സ്നേഹവും സൗന്ദര്യവും എന്തെന്ന് നമ്മെ പഠിപ്പിക്കുന്ന പ്ലേറ്റോയുടെ നിർവ്വചനത്തിനും കാലിക പ്രസക്തിയുണ്ട്. കേരളത്തിന്റെ സാമൂഹിക പുരോഗതിക്ക് ചാലക ശക്തിയായി മാറിയത് നാം വിദ്യാഭ്യാസരംഗത്ത് നേടിയ പുരോഗതിയാണ്.

ദൈവത്തിന്റെ സ്വന്തം നാടെന്നറിയപ്പെടുന്ന കൊച്ചു കേരളത്തിൽ കൊളുത്തിയ കൊച്ചു കൈത്തിരികളാണ് പൊതുവിദ്യാലയങ്ങൾ. മണ്ണിനെ സ്നേഹിച്ച് കിളികളേയും, പൂക്കളേയും, പൂമ്പാറ്റകളേയും കൂട്ടുകാരാക്കി, കൂട്ടുകാരന്റെ സുഖദു:ഖങ്ങളിൽ പങ്കാളിയായി പ്രകൃതിയെ കണ്ടും കേട്ടും പഠിച്ച് വളരുന്നവരാണ് പൊതു വിദ്യാലയത്തിലെ കുട്ടികൾ.

കവിത

## പ്രകൃതി സൗന്ദര്യം

പുഴയെവിടെ കുളമെവിടെ?
കാട്ടു പൂഞ്ചോലയെവിടെ?
കാടും ഗ്രാമവും വയലുകളുമാരുകട്ടെടുത്തു
വരും തലമുറയ്ക്കുവേണ്ടിയെന്തു
കരുതി വച്ചു കുറെ മാലിന്യവും
രോഗങ്ങളും, മാത്രമാണു നാം പുതു
തലമുറയ്ക്കു കൈമാറിയത്
നാം തൻ ചെയ്തികൾ
ആരോഗ്യ അന്തകന്മാരാകുമോ?




(Std 7 students)

Kind people and beautiful places
Amazing land
Decorated with paddy fields
Attractive spot
Magical scenery
Afternoons are lovely
'Kettukalakk' is famous
Unforgettable memories
Desirable land
You are welcome



ശിശുദിനാഘോഷം



ക്ലബ്ബുകളുടെ ഉദ്ഘാടനം പോൾ ചെറിയാൻ നിർവ്വഹിക്കുന്നു,

# പൊതുവിദ്യാലയങ്ങളുടെ വസന്തകാലം

പൊതുവിദ്യാലയങ്ങൾ വലിയൊരു മാറ്റത്തിന് വിധേയമായി കൊണ്ടിരിക്കുകയാണ്. അറിഞ്ഞും അറിയാതെയും നമ്മളോരോരുത്തരും ഈ പരിവർത്തന പ്രക്രിയയിൽ നമ്മുടേതായ ഭാഗം നിർവ്വഹിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നാം നേടിയ മുന്നേറ്റത്തിന് അടിവരയിടുന്നതാണ് ദേശീയ തലത്തിൽ നീതി ആയോഗ് 2019 സെപ്റ്റംബർ 30ന് പുറത്ത് വിട്ട റിപ്പോർട്ട്. ഇതനുസരിച്ച് വിദ്യാഭ്യാസ നിലവാരത്തിൽ 82.2% സ്കോർ നേടിക്കൊണ്ട് കേരളം ഒന്നാം സ്ഥാനം നിലനിർത്തിയിരിക്കുന്നു. ഇന്ത്യയിൽ, പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച സൗകര്യങ്ങൾ ഒരുക്കുന്ന സംസ്ഥാനം നമ്മുടേതാണ്. ഇത് നമുക്ക് അഭിമാനവും ഉത്തരവാദിത്വവുമാണ്. അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന സമീപനമാണ് നമ്മൾ ഉയർത്തിപ്പിടിക്കുന്നത്. നിലവാരം ഉയർത്തുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നിലവാരം എന്ന് പറയുമ്പോൾ അന്താരാഷ്ട്ര നിലവാരത്തിൽ കുറഞ്ഞതൊന്നും സ്വീകാര്യമല്ല. ലോകത്തിന്റെ ഏതു കോണിലുമുള്ള സമപ്രായക്കാരായ കുട്ടികളോട് കിടപിടിക്കുന്ന രീതിയിൽ ആശയഗ്രഹണം ക്ലാസ്സ് മുറികളിൽ നടക്കേണ്ടതുണ്ട്. ഇതിനുവേണ്ട ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ നാം വളരെയേറെ മുന്നേറിക്കഴിഞ്ഞു.

കടമക്കുടി സ്ക്കൂളിലെ 1 മുതൽ 10 വരെയുള്ള എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആയി മാറി എന്നത് നമുക്ക് അഭിമാനകരമാണ്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പൊതുവിദ്യാലയങ്ങൾ നാടിന്റെ മെച്ചപ്പെട്ട സാമൂഹിക ജീവിതത്തെ പ്രതിഫലിപ്പിക്കുന്നു. വരും വർഷങ്ങളെ മുന്നിൽക്കണ്ട് ശക്തിയായി നാം പ്രവർത്തിക്കുകയാണ്. കൂടുതൽ വിദ്യാർത്ഥികളെ പൊതുധാരയിലെത്തിക്കാൻ നാം ശ്രമിക്കുന്നത്. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് എൽ.കെ.ജി, യു.കെ.ജി. ക്ലാസ്സുകൾ നവീകരിക്കാനും മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പുവരുത്താനും നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ നമുക്ക് ഇനിയുമേറെ മുന്നോട്ട് പോകാനുണ്ട്. പരിമിതികളെ മറികടന്ന് മുന്നേറാൻ വലിയ തോതിൽ ജനകീയ പങ്കാളിത്തം അനിവാര്യമാണ്. കുട്ടികളുടെ സകലമാന കഴിവുകളേയും വികസിപ്പിക്കാനുതകുന്ന ഒരു വിദ്യാലയാന്തരീക്ഷമാണ് നമ്മുടെ സ്വപ്നം. അത്തരത്തിലുള്ളൊരു ഇടപെടൽ നടത്താൻ കടമക്കുടിയിലെ പൊതുസമൂഹത്തിന് സാധിച്ചാൽ 'നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രം എന്ന ലക്ഷ്യം ഏറെ അകലെയാവില്ല.

ജോമേഷ് വർഗീസ്
അധ്യാപകൻ



അന്യസംസ്ഥാന തൊഴിലാളികളുടെ മക്കൾക്ക് കോരാമ്പാടം ബാങ്ക് വൈസ് പ്രസിഡന്റ് കെ.വി. ആന്റണി യൂണിഫോം നൽകി സ്വീകരിക്കന്നു.




ലോകവിദ്യാർത്ഥി ദിനം



ഡി.വൈ.എഫ്.ഐ.യുടെ നേതൃത്വത്തിൽ സൗജന്യ യൂണിഫോം വിതരണം



പ്രവേശനോത്സവം ജില്ലാപഞ്ചായത്ത് മെമ്പർ സോന ജയരാജ് ഉദ്ഘാടനം ചെയ്യുന്നു.



ശ്രേഷ്ഠബാല്യ പ്രൊജക്ട് സമർപ്പണം



നവീകരിച്ച കെ.ജി. ക്ലാസ്സുകൾ

Poem

# FRIEND

**Adhithyan T.A**
**Std VII**



**Friends always think about games**
**Really you will be happy**
**In free time you will play**
**Every day you will play**
**Every day you love teachers**
**Never you can live as illiterate boys**
**Daily you will be helping all.**



Poem

# True Wish

**Sonal Mathew**
**Std VII**

**The ocean is blue**
**The colour is true**
**I had a wish**
**to catch a fish**
**My shirts were loose**
**but I had nice shoes**
**I went to the ocean**
**In such a fashion**
**My companion was a cat**
**Who loves to catch a rat**
**I caught fishes fine**
**They counted in total nine.**



ഓണാഘോഷം



ചാന്ദ്രദിനാചരണം



കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സ്



വയോജനങ്ങളെ ആദരിക്കൽ



വായനാദിനാചരണം



◀ യോഗാദിനം



വരച്ചത് : Saniya K.J.
Std IX